# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 519

29.01.2019 ൽ മറുപടിക്ക്

## പൂയംകുട്ടി പ്രദേശത്ത് ഈറ്റ വെട്ട് പുനരാരംഭിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലുള്ള പൂയംകുട്ടി വനമേഖലയിൽ നിന്നും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ 2018 മുതൽ ഈറ്റ, നെയ്ത്ത് ഈറ്റ എന്നിവ ശേഖരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | വനം വകുപ്പിന്റെ അനുമതി ഇല്ലാത്തതുമൂലം പൂയംകുട്ടി പ്രദേശത്തെ ഈറ്റ ശേഖരണം നടക്കാത്തതിനാൽ, ഈറ്റ വെട്ടിയും പനമ്പ് നെയ്തും മറ്റും ജീവിച്ചു പോരുന്ന നൂറ് കണക്കിന് തൊഴിലാളികളെ ഇത് പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത്തരത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവർക്കുണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി പൂയംകുട്ടി പ്രദേശത്ത് ഈറ്റ വെട്ട് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | മലയാറ്റൂർ ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം 2019-20 വർഷത്തിൽ കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റ ശേഖരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ടി കാലയളവിൽ ഈറ്റ ശേഖരണത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ